" ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്- സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവുകൾ പ്രതിപൂരണം ചെയ്ത് നൽകുന്നത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (ലോൺസ്) വകുപ്പ്

സ.ഉ.(കൈ) നം.122/2020/ധന

തീയതി,തിരുവനന്തപുരം, 23/11/2020

പരാമർശം:- 15/12/2017 ലെ സ.ഉ.(കൈ) നം:184/2017/ആ.കു.വ

## ഉത്തരവ്

സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളിൽ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച്, സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നതിന്റെ ബാഹുല്യം കുറച്ച് സർക്കാർ ആശുപത്രികളിലെ സേവനം പ്രയോജനപ്പെടുത്തുന്നതിനും വേണ്ടി സർക്കാർ അംഗീകൃത പട്ടികയിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് അപേക്ഷകളിൽ ചികിത്സയ്ക്ക് ചെലവാകുന്ന തുക ധനകാര്യ വകുപ്പ് പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ/ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിക്കുന്ന തുകയുടെ 80% അനുവദിക്കുന്നതിന് അംഗീകാരം നൽകിവരുന്നുണ്ട്. എന്നാൽ സൂചന ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന അസുഖങ്ങൾക്ക് സർക്കാർ അംഗീകൃത പട്ടികയിലുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ / ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിക്കുന്ന മുഴുവൻ തുകയും പ്രതിപൂരണം ചെയ്യുന്നതിനാണ് അനുമതി നൽകി ഉത്തരവായിട്ടുള്ളത്.

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും, സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നതിന്റെ ബാഹുല്യം കുറച്ച് സർക്കാർ ആശുപത്രികളിലെ സേവനം പ്രയോജനപ്പെടുത്തുന്നതിനും വേണ്ടി സർക്കാർ അംഗീകൃത പട്ടികയിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ ആരോഗ്യവകുപ്പ് ഡയറക്ടർ/ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിക്കുന്ന തുകയുടെ 80% മാത്രമേ അനുവദിക്കാനാകൂ ( ഐ.വി.എഫ് ചികിത്സ ഒഴികെ) എന്നും, ഇത് എല്ലാവിധത്തിലുമുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകൾക്കും ബാധകമായിരിക്കും

എന്നും ഉത്തരവാകുന്നു. ഈ ഉത്തരവിന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. ( തീർപ്പാക്കിയ ഫയലുകൾ പുന:പരിശോധിക്കുന്നതല്ല)

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജയ് എം കൗൾ**
ധനകാര്യ (വ്യയം) സെക്രട്ടറി

**പകർപ്പ് :-**

അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് II) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും
സെക്രട്ടറിയേറ്റിലെ വിവിധ വകുപ്പുകൾക്കും, സെക്ഷനുകൾക്കും
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം
ബഹു.ഗവർണറുടെ സെക്രട്ടറിക്ക്
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
രജിസ്ട്രാർ, ബഹു. കേരള ഹൈക്കോടതി, എറണാകുളം
എല്ലാ യൂണിവേഴ്സ്സിറ്റി രജിസ്ട്രാർമാർക്കും
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.റ്റി.സി
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ( ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ,ധനകാര്യം ( www.finance.kerala.gov.in)
കരുതൽ കോപ്പി/ ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ